**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5914** **09-07-2024 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ടിലുൾപ്പെട്ട പ്രവൃത്തികളുടെ ഭരണാനുമതി .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് വിവിധ പ്രവൃത്തികൾക്ക് ഭരണാനുമതി നേടുന്നതിനായി നിശ്ചയിച്ചിരുന്ന അവസാന തീയതി എന്നാണെന്ന് അറിയിക്കുമോ; | (എ) | **2022-23 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതി പ്രകാരം ശിപാർശകൾ സമർപ്പിക്കുന്നതിനും, ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയ പരിധി 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് സ.ഉ.(സാധാ)നം.1856/2024/ധന, തീയതി 27/02/2024 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.** |
| (ബി) | 2024 ലെ ലോക് സഭാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പ്രസ്തുത തീയതിയ്ക്ക് മുമ്പായി ഭരണാനുമതി പുറപ്പെടുക്കുന്നതിന് കഴിഞ്ഞിരുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **2024 ലെ ലോക് സഭാ പെരുമാറ്റച്ചട്ടം 2024 മാർച്ച് 16 തീയതി മുതൽ 2024 ജൂൺ 06 വരെ ആയിരുന്നു. ആയതിനാൽ 2022-23 ലെ ശിപാർശകൾക്ക് മാർച്ച് 16 മുതൽ 31 വരെയുള്ള കാലയളവിൽ പുതിയ ഭരണാനുമതി പുറപ്പെടുവിക്കാൻ സാധിച്ചിരുന്നില്ല. 2023-24 വരെയുള്ള സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് കാലാവധി നീട്ടി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ബഹു.എംഎൽഎ മാർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആയത് ധനവകുപ്പ് പരിശോധിച്ച് വരുന്നു.** |
| (സി) | പ്രസ്തുത സാഹചര്യത്തിൽ 2022-23 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് ഭരണാനുമതി നേടുന്നതിനായി സമയം നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | **2024 ലെ ലോക് സഭാ പെരുമാറ്റച്ചട്ടം 2024 മാർച്ച് 16 തീയതി മുതൽ 2024 ജൂൺ 06 വരെ ആയിരുന്നു. ആയതിനാൽ 2022-23 ലെ ശിപാർശകൾക്ക് മാർച്ച് 16 മുതൽ 31 വരെയുള്ള കാലയളവിൽ പുതിയ ഭരണാനുമതി പുറപ്പെടുവിക്കാൻ സാധിച്ചിരുന്നില്ല. 2023-24 വരെയുള്ള സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് കാലാവധി നീട്ടി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ബഹു.എംഎൽഎ മാർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആയത് ധനവകുപ്പ് പരിശോധിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ